## ഒരേ ദിവസം 4100 വീടുകളിൽ വിളവെടുപ്പ്... കുടുംബശ്രീയുടെ എല്ലാരും നടണ് മൈക്രോ ഗ്രീൻ അഗ്രി ചലഞ്ച് വൻവിജയം

ലോക്ക് ഡൗൺ കാലത്ത് കുടുംബശ്രീ ജില്ലാമിഷൻ അയൽക്കൂട്ട വനിതകൾക്കായി സംഘടിപ്പിച്ച എല്ലാരും നടണ് മൈക്രോ ഗ്രീൻ അഗ്രി ചലഞ്ച് വൻ വിജയമായി. പദ്ധതിയുടെ ഭാഗമായി ഇന്നലെ (11.05.2020) ജില്ലയിലെ 4100 വീടുകളിലും വിളവെടുപ്പ് നടത്തിക്കൊണ്ടാണ് പെൺകൂട്ടായ്മ പുതിയ കാർഷിക പരീക്ഷണത്തിൽ നൂറു മേനി കൊയ്തത്. ലോക്ക് ഡൗൺ കാലത്ത് അയൽക്കൂട്ട വനിതകളുടെ വിരസതയും മാനസികസമ്മർദ്ദവും ഒഴിവാക്കുന്നതിനും കൃഷിയിൽ സജീവമാക്കുന്നതിനായിട്ടാണ് കുടുംബശ്രീ പദ്ധതി നടപ്പാക്കിയത്. കണ്ണൂർ കോർപ്പറേഷൻ സി.ഡി.എസിന്റെ പരിധിയിലുള്ള വാരത്ത് മേൻമ കുടുംബശ്രീ അംഗമായ ലൂസി കൃഷി ചെയ്ത മൈക്രോഗ്രീൻ ഉൽപന്നങ്ങളുടെ വിളവെടുപ്പ് നടത്തിക്കൊണ്ട് വിളവെടുപ്പിന്റെ ജില്ലാതല ഉദ്ഘാടനം തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവഹിച്ചു. അതോടൊപ്പം രാഷ്ട്രീയ സാമൂഹികരംഗത്തെ പ്രാദേശിക നേതാക്കളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി സി.ഡി.എസ് തല വിളവെടുപ്പ് ഉദ്ഘാടനങ്ങളും സംഘടിപ്പിച്ചു.

ലോക്ക് ഡൗൺ കാലത്ത് ഉണ്ടായേക്കാവുന്ന ഭക്ഷ്യക്ഷാമവും പോഷകക്കുറവും പരഹിരിക്കുന്നതിനായി ആർക്കും കുറഞ്ഞ ചെലവിലും പരിമിതമായ ചുറ്റുപാടിലും ചെയ്യാൻ കഴിയുന്ന നൂതന കൃഷിരീതി എന്ന നിലയ്ക്കു കൂടിയാണ് കുടുംബശ്രീ മൈക്രോ ഗ്രീൻ അഗ്രി ചലഞ്ച് സംഘടിപ്പിച്ചത്. ഏറ്റവും കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് മയ്യിൽ (419 പേർ) സിഡിഎസ് ജില്ലയിൽ ഒന്നാമതായി. ഇരിട്ടി ന ഗരസഭ (323) രണ്ടാം സ്ഥാനവും പെരളശ്ശേരി (294) മൂന്നാം സ്ഥാനവും നേടി.

മൈക്രോ ഗ്രീൻ ചലഞ്ചിൽ ഏറ്റവും കൂടുതൽ അയൽക്കൂട്ട വനിതകൾ പങ്കെടുത്ത ബ്ളോക്ക് ഇരിട്ടിയാണ്. 973 വനിതകളാണ് ഇവിടെ കാർഷിക വെല്ലുവിളി ഏറ്റെടുത്ത് വിജയിപ്പിച്ചത്. ഇരിക്കൂർ ബ്ളോക്കിനാണ് രണ്ടാം സ്ഥാനം. ഇവിടെ 849 വനിതകൾ പങ്കെടുത്തു. എടക്കാട് ബ്ളോക്കിനാണ് മൂന്നാം സ്ഥാനം. ഇവിടെ 456 പേരും പങ്കെടുത്തു.

വിവിധ ധാന്യങ്ങൾ, പയറുവർഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയുടെ വിത്തുകൾ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടു മുളപ്പിച്ച് ഭക്ഷ്യയോഗ്യമാക്കി ഉപയോഗപ്പെടുത്തുന്ന രീതിയാണ് മൈക്രോ ഗ്രീൻ. ഇവയിൽ ധാരാളം സൂക്ഷ്മധാതുക്കളും പോഷകഘടകങ്ങളും അടങ്ങിയിരിക്കുന്നു എന്നതാണ് പ്രത്യേകത. ലോക്ക് ഡൗൺ കാലത്ത് കുടുംബശ്രീ ജില്ലാമിഷൻ മുഖേന ജില്ലയിലെ കുടുംബശ്രീ വനിതകൾക്കായി നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി ഏപ്രിൽ 27മുതൽ 30 വരെ സംഘടിപ്പിച്ച ഓൺലൈൻ രജിസ്ട്രേഷനിൽ 4100 അയൽക്കൂട്ട വനിതകളാണ് ആവേശത്തോടെ പങ്കെടുത്തത്. ജില്ലയിലെ 81 സി.ഡി.എസുകളിൽ നിന്നും അയൽക്കൂട്ട വനിതകൾ മത്സരത്തിൽ മാറ്റുരച്ചതോടെ എല്ലാ സി.ഡി.എസുകളുടെയും പങ്കാളിത്തവും മൈക്രോ ഗ്രീൻ കാർഷിക ചലഞ്ചിൽ ഉറപ്പിക്കാൻ സാധിച്ചു. ജില്ലയിലെ പട്ടികവർഗ കോളനികളിൽ നിന്നുള്ള കുടുംബശ്രീ അംഗങ്ങളും മത്സരത്തിൽ പങ്കാളികളായി. ഇവിടെയും വിളവെടുപ്പ് നടത്തി.

ഏപ്രിൽ 30 മുതൽ മെയ് 10 വരെയാണ് മികച്ച കർഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള മത്സരം സംഘടിപ്പിച്ചത്. തങ്ങളുടെ വീടുകളിൽ തന്നെ നടപ്പാക്കിയ മൈക്രോ ഗ്രീൻ കൃഷിയിൽ അയൽക്കൂട്ട വനിതകൾക്കൊപ്പം അവരുടെ കുടുംബാംഗങ്ങളും

പങ്കെടുത്തു. ചെറുപയർ, വൻപയർ, കടല, മുത്താറി, ചീര, ഉഴുന്ന്, കടുക് എന്നിവയാണ് പ്രധാനമായും ഉപയോഗിച്ച വിത്തുകൾ. മീഡിയം ടിഷ്യു പേപ്പർ, മണ്ണ്, കോട്ടൺ തുണി എന്നിവയാണ് ചെടിവളർത്താൻ ഉപയോഗിച്ചത്. വിത്തിടൽ, മുള വന്ന് ചെടിയായി വളരുന്ന ഘട്ടം, വിളവെടുപ്പ്, വിളവെടുത്ത മൈക്രോ ഗ്രീൻസുമായി മത്സരാർത്ഥി നിൽക്കുന്ന സെൽഫി എന്നിങ്ങനെ വിത്തിടുന്നതു മുതൽ വിളവെടുക്കുന്നതു വരെയുള്ള നാലു ഘട്ടങ്ങളുടെ ഫോട്ടോ ഇതിനായി പ്രത്യേകം രൂപീകരിച്ച വാട്ട്സാപ് ഗ്രൂപ്പിലേക്ക് അയച്ചു കൊടുക്കണം. ജില്ലാമിഷൻ അധികൃതർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ളോക്ക് കോഓർഡിനേറ്റർമാർ എന്നിവരാണ് ഈ ഗ്രൂപ്പിൽ. ഇതിലേക്ക് ലഭിക്കുന്ന എൻട്രികളിൽ നിന്നാണ് ഓരോ ബ്ളോക്കിൽ നിന്നും മൂന്നു മികച്ച കർഷകരെ വീതം കണ്ടെത്തുക. ഇവർക്ക് ലോക്ക് ഡൗൺ കാലം കഴിയുമ്പോൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ക്യാഷ് പ്രൈസ് നൽകി അനുമോദിക്കും. കൂടാതെ കാർഷിക ചലഞ്ച് മത്സരത്തിൽ പങ്കെടുത്ത മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കും സർട്ടിഫിക്കറ്റും നൽകും. ഏറ്റവും കൂടുതൽ എൻട്രികൾ അയക്കുന്ന സി ഡി.എസിനും പ്രത്യക സമ്മാനമുണ്ടായിരിക്കും.

എല്ലാരും നടണ് മൈക്രോ ഗ്രീൻ അഗ്രി ചലഞ്ച് വൻ വിജയമായതിനെ തുടർന്ന് ഇതിന്റെ വിപണി സാധ്യത കൂടി കണക്കിലെടുത്തു കൊണ്ട് അയൽക്കൂട്ട വനിതകളിൽ പലരും ഇതൊരു ഉപജീവന മാർഗമായി സ്വീകരിക്കാൻ തയ്യാറായിട്ടുണ്ട്. അധികം മുതൽമുടക്കില്ലാതെ ചെയ്യാൻ സാധിക്കുന്നതും മികച്ച രീതിയിൽ വരുമാനം ഉറപ്പാക്കാൻ കഴിയുന്നതുമായ കൃഷിരീതി എന്ന നിലയ്ക്ക് കൂടുതൽ വനിതകൾ ഈ രംഗത്ത് സജീവമാകുമെന്നാണ് കുടുംബശ്രീ പ്രതീക്ഷിക്കുന്നത്.